# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** | **06.03.2017 - ൽ**
**ചോദ്യം നമ്പർ: 1487** | **മറുപടിക്ക്**

## നീരയുടെ ഉത്പാദനം

**ചോദ്യം** — **ശ്രീ.എൻ. വിജയൻപിള്ള**

**മറുപടി** — **ശ്രീ.വി.എസ്.സുനിൽ കുമാർ** (കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് നീരയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും വിപണി വ്യാപകമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ ; | എ) | സംസ്ഥാനത്ത് നീരയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ തെങ്ങിൽനിന്നും നീരയും, തെങ്ങിൻ പൂങ്കുലയിൽ നിന്നും കേര ചക്കരയുടെ ഉത്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട് നീലേശ്വരം കേന്ദ്രമാക്കി ആരംഭിച്ചുകൊണ്ട് നീരയുടെ പൈലറ്റ് പ്രോജക്ടിന്റെ ചെലവുകൾക്കായി 130 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിരുന്നു. പൈലറ്റ് പ്രോജക്ടിൽ ഉല്പാദിപ്പിക്കുന്ന നീരയുടെ വിപണനച്ചുമതല നാളികേര വികസനകോർപ്പറേഷനായിരുന്നു. ഇതിനായി 180 ലക്ഷം രൂപ കോർപ്പറേഷന് നൽകിയിരുന്നു. തിരുവനന്തപുരത്ത് സെക്രട്ടറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിംഗ് മെഷീനിലൂടെയും നാളികേര വികസന കോർപ്പറേഷന്റെ ഏലത്തൂർ, ഇടപ്പള്ളി എന്നിവിടങ്ങളിലുള്ള വില്പനകേന്ദ്രങ്ങളിലൂടെയും നീര വിപണനം നടത്തിവരുന്നു.<br>സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ബോണഫൈഡ് ജാഗറി ഉല്പാദകർ കേരള സ്റ്റേറ്റ് ബീവറേജ് കോർപ്പറേഷൻ, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/ സമിതി കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, കേരള അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവർക്ക് അനുമതി നൽകിയിട്ടുണ്ട്. നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നാളികേര ഉല്പാദക സൊസൈറ്റികൾ, ഫെഡറേഷനുകൾക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്ക് പരമാവധി 50 ലക്ഷം രൂപ ധനസഹായം അനുവദിക്കാൻ വ്യവസ്ഥയുണ്ട്. അതുപ്രകാരം കൈപ്പുഴ നാളികേര ഉല്പാദക കമ്പനിക്കും, കുറ്റിയാടി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്കും, കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിക്കും 50 ലക്ഷം രൂപ വീതം നാളികേരവികസന ബോർഡ് മുഖേന നൽകിയിട്ടുണ്ട്. 2016-17 ൽ വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് നീര ഉല്പാദന യൂണിറ്റിനായി 44.16 ലക്ഷം രൂപ നാളികേര വികസന ബോർഡ് മുഖേന നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്. |
| ബി) | ഈ മേഖലയിൽ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനായി കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുമോ ? | ബി) | നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നീര ടെക്നീഷ്യൻ പരിശീലന പരിപാടി കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം എന്നിവ മുഖേന നൽകുന്നതാണ്.<br>കൃഷി വകുപ്പിന്റെ നീര ടെക്നീഷ്യൻ പരിശീലന പദ്ധതി പ്രകാരം 2016-17 - ൽ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 75 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br>കാർഷിക മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ വൈദഗ്ദ്ധ്യം ലഭിക്കുന്നതിന് വേണ്ടി 35 കോടി രൂപയുടെ ഒരു പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ തൊഴിൽ നൈപുണ്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന് ഉടനടി അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നീര കർഷകർക്കും വിദഗ്ദ്ധ പരിശീലനം നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**